## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1964 05.10.2016-ൽ മറുപടിയ്ക്ക്

## പണികൾക്കായി കട്ട് ചെയ്യുന്ന റോഡുകൾ ശരിയാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ. ശശി : | | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ | പണിക്കായി വാട്ടർ അതോറിറ്റി കട്ട് ചെയ്യുന്ന പി.ഡബ്ല്യൂ.ഡി./ പഞ്ചായത്ത് റോഡുകൾ നന്നാക്കാനായി ഏതു നിരക്കിലാണ് പ്രസ്തുത വകുപ്പുകൾക്ക് പണമടയ്ക്കേണ്ടത്; | എ പി.ഡബ്ല്യൂ.ഡി. റോഡുകൾ നന്നാക്കുന്നതിനായി അതാത് സമയത്ത് നിലവിലുള്ള ഷെഡ്യൂൾ നിരക്കിലാണ് പണം അടയ്ക്കുന്നത്. പി.ഡബ്ല്യൂ.ഡി യുടെ നിലവിലുള്ള നിരക്കുകൾ താഴെ ക്കൊടുക്കുന്നു.<br>1. പി.ഡബ്ല്യൂ.ഡി. റോഡ് ബേം കട്ടിംഗ് - ച.മീറ്ററിന് 161/- രൂപ<br>2. പി.ഡബ്ല്യൂ.ഡി. റോഡ് ബി.ടി സർഫസ് കട്ടിംഗ് - ച.മീറ്ററിന് 15210/- രൂപ<br>3. പി.ഡബ്ല്യൂ.ഡി. റോഡ് ബി.എം.ബി.സി കട്ടിംഗ് - ച.മീറ്ററിന് 3854/-രൂപ<br>4. കെ.എസ്.ടി.പി റോഡ് കട്ടിംഗ് - ച.മീറ്ററിന് 5505/- രൂപ<br>5. എൻ.എച്ച് റോഡ് ബേം കട്ടിംഗ് - ച.മീറ്ററിന് 264/- രൂപ<br>6. എൻ.എച്ച് റോഡ് റോഡ് കട്ടിംഗ് - ച.മീറ്ററിന് 3854/- രൂപ<br>7. കോർപ്പറേഷൻ റോഡ് കട്ടിംഗ് - ച.മീറ്ററിന് 3917/- രൂപ<br>8. പഞ്ചായത്ത് റോഡ് കട്ടിംഗ് - ച.മീറ്ററിന് 1258/-രൂപ<br>പൈപ്പിടുവാൻ ഉദ്ദേശിക്കുന്ന റോഡ് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി അയച്ച തരുന്ന എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുകയാണ് റോഡ് കട്ടിംഗിനായി അടച്ച വരുന്നത്. |
| ബി | എന്നാൽ അതിനുശേഷം യഥാസമയം റോഡുകൾ പൂർവ്വ സ്ഥിതിയിൽ പണിയാത്തതു മൂലം | ബി മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് പണമടച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭിച്ചാൽ മാത്രമെ റോഡ് കട്ടിംഗ് നടത്താറുള്ളൂ. റോഡ് കട്ടിംഗ് കഴിഞ്ഞാൽ അവ പൂർവ്വസ്ഥിതിയിൽ |

| | | | |
|---|---|---|---|
| | തദ്ദേശവാസികളും വാഹന യാത്രികരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | ആക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ ധ്രുതഗതിയിൽ നടപ്പിലാക്കേണ്ടതാണ്. റോഡുകൾ കേരള വാട്ടർ അതോറിറ്റിയും താൽക്കാലികമായി പുന:സ്ഥാപി ക്കാറുണ്ട്. |
| സി | കഴിഞ്ഞ സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി ഇതിനായി പി.ഡബ്ല്യു.ഡി/പഞ്ചായത്ത് അധികൃതർക്ക് നല്കേണ്ട തുക എത്ര; എത്ര നൽകി; നിലവിൽ ഇവർ തമ്മിൽ തർക്കങ്ങൾ മൂലം പൊളിഞ്ഞു കിടക്കുന്ന റോഡുകൾ ശരിയാക്കാൻ വാട്ടർ അതോറിറ്റി എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ; | സി | 2015-16 സാമ്പത്തിക വർഷം ഈ ഇനത്തിൽ പി.ഡബ്ല്യു.ഡി ക്കും പഞ്ചായത്തിനുമായി 30.44 കോടി രൂപ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക അടച്ച് അനുവാദം വാങ്ങിയ ശേഷം മാത്രമാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തി വരുന്നത് എന്നതിനാൽ നൽകേണ്ട തുകയും നൽകിയ തുകയും ഒന്നു തന്നെയാണ്. എന്നിരുന്നാൽ ചില സന്ദർഭങ്ങളിൽ തുക സംബന്ധിച്ച തർക്കങ്ങൾ നിലനിൽക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി വേണ്ട നടപടികൾ കേരള ജല അതോറിറ്റി സ്വീകരിക്കാറുണ്ട്. |
| ഡി | അശാസ്ത്രീയമായ പമ്പിംഗ്, മേൽ നോട്ടമില്ലാതെ റോഡ് മുറിച്ച് കണക്ഷൻ നൽകുക, അറ്റകുറ്റപ്പണികൾ നടത്തുക എന്നിവ വാട്ടർ അതോറിറ്റി ജീവനക്കാർ നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ഡി | ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല |
| ഇ | വാട്ടർ അതോറിറ്റി വർക്കുകൾക്കായി സ്വകാര്യ വ്യക്തികൾക്ക് കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും നൽകിവന്ന തുക എത്ര എന്നും; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ചെലവായി എന്നും വ്യക്തമാക്കുമോ; | ഇ | വാട്ടർ അതോറിറ്റിയുടെ വർക്കുകൾ സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കാറില്ല. അതോറിറ്റി ലൈസൻസ് നൽകിയിട്ടുള്ള കരാറുകാർ വഴി ദർഘാസുകൾ സ്വീകരിച്ചുകൊണ്ടാണ് വർക്കുകൾ ചെയ്യുന്നത്. പ്ലംബിംഗ് വർക്കുകൾ ലൈസൻസ് ഉള്ള പ്ലംബർമാർ വഴിയും നിർവ്വഹിക്കുന്നു. |

| | | | |
|---|---|---|---|
| എഫ് | ഇത്തരം വർക്കുകൾക്കായി അതോറിറ്റി സ്ഥിരം ജീവനക്കാരെ കണ്ടെത്തുവാനും, സാധനസാമഗ്രികൾ വേണ്ടുന്നവ അതോറിറ്റിതന്നെ നൽകുവാനും നടപടികൾ സ്വീകരിക്കുന്നത് പരിഗണിക്കുമോ ? | എഫ് | ഇതിനായി ഇപ്പോൾ തന്നെ ബ്ലൂ ബ്രിഗേഡ് എന്ന ഒരു സംവിധാനം ചുരുങ്ങിയ നിലയിൽ തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിച്ചു വരുന്നു. പൈപ്പു ലൈനുകളിലെ ലീക്കുകൾ അടക്കമുള്ള അറ്റകുറ്റ പണികൾ അതോറിറ്റി നേരിട്ടു തന്നെ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് ബ്ലൂ ബ്രിഗേഡ് സിസ്റ്റം. ഡിപ്പാർട്ട്മെന്റ് വക സാധന സാമഗ്രികൾ ഉപയോഗിച്ചു കൊണ്ടാണ് ബ്ലൂ ബ്രിഗേഡ് വർക്കുകൾ ചെയ്യുന്നത്. കൂടാതെ അടിയന്തിര പ്രാധാന്യമുള്ള ലീക്കുകളും പരിഹരിക്കുന്നുണ്ട്. എല്ലാ പ്രധാന ജലവിതരണ പദ്ധതികളിലും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ